# “ഗുണമേന്മയുള്ള വിദ്യാഭ്യാസം ഓരോ കുട്ടിയുടെയും അവകാശം”

# സമഗ്ര ഗുണമേന്മ പദ്ധതി

## അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

## ക്ലാസ്സ് 1

**വേശാല ഈസ്റ്റ് എ എൽ പി സ്ക്കൂൾ**

**എം എം വിജയകുമാരി**

**PH :9656884541**

# ആമുഖം

ഒന്നാം ക്ലാസിലെ പാഠപുസ്തകം 2024-25 വർഷം പരിഷ്കരിക്കുകയും ഒന്നാം വർഷത്തെ വിനിയാനുഭവങ്ങളുടെ അടിസ്ഥാനത്തിൽ മെച്ചപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പുതിയ പാഠപുസ്തകങ്ങളുടെ ഭാഗമായി നടപ്പാക്കിയ സംയുക്ത ഡയറി രചനോത്സവം, പാട്ടരങ്ങ്, വായനോത്സവം എന്നിവയ്ക്ക് നല്ല സ്വീകാര്യതയാണ് ലഭിച്ചത്. കുട്ടികളുടെ ഡയറികൾ വിദ്യാഭ്യാസമന്ത്രി തന്നെ എഡിറ്റ് ചെയ്ത് **'കുരുന്നെഴുത്തുകൾ'** എന്ന പേരിൽ പുസ്തകം പ്രസിദ്ധീകരിച്ചു. ഒന്നാം ക്ലാസിലെ കുട്ടികൾ സ്വതന്ത്ര വായനക്കാരായ തിന്റെയും പരസഹായമില്ലാതെ തങ്ങളുടെ ആശയങ്ങൾ എഴുതി പ്രകടിപ്പിക്കാൻ കഴിവ് നേടിയതിന്റെയും വിളംബരമായിരുന്നു വർഷാവസാനം നടത്തിയ പഠനോത്സവം. വാർഷിക പരീക്ഷയിലും കുട്ടികൾ ചോദ്യം തനിയെ വായിച്ച് ഉത്തരം എഴുതുകയുണ്ടായി. ഭാഷാശേഷികളുടെ കാര്യത്തിൽ ഉണ്ടായ മികവ് നിലനിർത്തുന്നതിനും കൂടുതൽ മെച്ചപ്പെട്ട അവസ്ഥയിലേക്ക് എത്തിക്കുന്നതിനും ആസൂത്രിതമായ പ്രവർത്തനം ആവശ്യമാണ്. അക്കാദമിക്ക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് അതിനുവേണ്ടിയാണ്

വാർഷിക ലക്ഷ്യങ്ങൾ തീരുമാനിച്ച് ഒരു വർഷത്തേക്കുള്ള പ്രവർത്തന പദ്ധതി തയ്യാറാക്കുന്ന രീതിയിലാണ് കഴിഞ്ഞവർഷം അക്കാദമിക്ക് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്. ഓരോ മാസത്തെയും പ്രവർത്തനങ്ങളുടെ ഫലപ്രാപ്തിയാണ് വർഷാവസാനം ഉണ്ടാവുക. ഓരോ മാസവും ചിട്ടയായി ലക്ഷ്യമിട്ട് പ്രവർത്തനങ്ങൾ നടക്കേണ്ടതുണ്ട്. ഓരോ മാസവും സാധ്യായദിനങ്ങൾ പ്രതീക്ഷിച്ചപോലെ ലഭിക്കണമെന്നില്ല. അപ്പോൾ അനുയോജ്യമായ മാറ്റം വരുത്താൻ കഴിയണം. അതുപോലെ കുട്ടികളുടെ നിലവാരവും, വേണ്ട പിന്തുണയും പരിഗണിച്ചും ഭേദഗതികൾ ആവശ്യമാണ്. നിരന്തര വിലയിരുത്തലിന്റെ അന്തസത്തയോട് നീതിപുലർത്തുന്നതിനായി ഈ വർഷം വാർഷിക ലക്ഷ്യങ്ങൾ തീരുമാനിച്ചശേഷം പ്രതിമാസ ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും തയ്യാറാക്കുന്ന രീതിയാണ് അവലംബിക്കുന്നത്. ഓരോ മാസവും ചർച്ച ചെയ്യുന്നതിനും സഹായകം ഇതാണ്

## വാർഷിക ലക്ഷ്യങ്ങൾ

- മാനസികാരോഗ്യത്തിന് വേണ്ട പ്രവർത്തനങ്ങൾ
- ചെറു സദസിനു മുൻപാകെ സങ്കോചമില്ലാതെ തന്റെ അനുഭവങ്ങളും ആവശ്യങ്ങളും തനിക്കറിയാവുന്ന കഥകളും പാട്ടുകളും വാചികമായി പങ്കിടുന്നതിനുള്ള കഴിവ് നേടുക.
- പാഠപുസ്തകത്തിലെ കഥകൾ ആനിമേഷൻ രൂപത്തിൽ ഉണ്ടാക്കുന്നു.
- ഓരോ കുട്ടിയും ലഘു ബാലസാഹിത്യകൃതികൾ ഒഴുക്കോടെ വായിക്കാനുള്ള കഴിവ് നേടുന്നു.
- അമ്മ വായനയ്ക്ക് അംഗീകാരം.
- ടീച്ചർ വായന
- മുതിർന്ന കുട്ടികളുടെ സഹായത്തോടെയുള്ള വായന 'കൂട്ടു വായന'
- കുട്ടി വായന
- പ്രതിദിന വായനാ പാഠങ്ങൾ. അമ്മ ബുക്ക്.
- ഓരോ കുട്ടിയും വായിച്ചു മനസ്സിലാക്കിയ കാര്യങ്ങൾ എഴുതിയും പറഞ്ഞും മറ്റ് രീതികളിലും പങ്കിടാനുള്ള കഴിവ് നേടുന്നു.
- കഥകൾ സർഗാത്മക ആവിഷ്കാരം നടത്തുന്നു. കഥകൾക്ക് അനുയോജ്യമായ ചിത്രങ്ങൾ വരച്ചു ചേർക്കുന്നു. സംഭാഷണ രീതികൾ വികസിപ്പിക്കുന്നു.
- ചിത്രത്തിൽ നിന്ന് ലഘുവാക്യങ്ങൾ ടീച്ചറുടെ സഹായത്തോടെ നിർമ്മിക്കുന്നു.
- സ്വതന്ത്ര രചനയുടെ ആരംഭം.
- മുഴുവൻ കുട്ടികളും കഥ/പാട്ട് /സംഭാഷണം/ വിവരണം എന്നിവയിലൂടെ സ്വതന്ത്ര രചയിതാക്കൾ.
- ഓരോ കുട്ടിയുടെയും സർഗാത്മക രചനകൾ പുസ്തകമാക്കി പ്രകാശിപ്പിക്കുന്നു.
- ഓരോ കുട്ടിയുടെയും തിരഞ്ഞെടുത്ത ഡയറിക്കുറിപ്പുകൾ ചേർത്ത് പതിപ്പ് പ്രകാശനം ചെയ്യുന്നു.

- പാട്ടരങ്ങ്
- സോഷ്യൽ ഓഡിറ്റ്. (മാർച്ച് മാസത്തിൽ കുട്ടികൾ നേടിയെടുത്ത ശേഷികൾ സമൂഹത്തിനുമുന്നിൽ തുറന്നുകാട്ടാനുള്ള വേദി)
- സ്കൂളിലെ പ്രവർത്തനങ്ങൾ രക്ഷിതാക്കളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുന്നതിന് ക്ലാസ്സ് പി ടി എ കൾ ശക്തിപ്പെടുത്തും.
- ഇംഗ്ലീഷ് ഭാഷ സ്വയം നേടിയെടുക്കാൻ കുട്ടിയെ പ്രാപ്തരാക്കുന്നു.
- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് അനുരൂപീകരണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കൽ.
- കളികളും പാട്ടുകളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ.
- ചുറ്റുപാടുമുള്ള അത്ഭുതകരമായ കാഴ്ചകൾ തുറന്നുകാട്ടാനുള്ള വേദിയൊരുക്കൽ.

| Sl. No | കുട്ടിയുടെ പേര് | പ്രീ പ്രൈമറി കഴിഞ്ഞു വന്ന വർ | അംഗനവാടി യിൽ നിന്ന് വന്നവർ | നേരിട്ട് സ്കൂളിൽ വന്ന വർ | അതിഥി തൊഴി ലാളികളുടെ മക്കൾ | പ്രത്യേക പരിഗ ണന അർഹി ക്കുന്നവർ | ജൂൺ 1 ന് 5 വയസ്സായവർ | ജൂൺ 1 ന് 6 വയസ്സായവർ |
|---|---|---|---|---|---|---|---|---|
| 1 | | | | | | | | |
| 2 | | | | | | | | |
| 3 | | | | | | | | |
| 4 | | | | | | | | |
| 5 | | | | | | | | |
| 6 | | | | | | | | |
| 7 | | | | | | | | |
| 8 | | | | | | | | |
| 9 | | | | | | | | |
| 10 | | | | | | | | |
| 11 | | | | | | | | |
| 12 | | | | | | | | |
| 13 | | | | | | | | |
| 14 | | | | | | | | |
| 15 | | | | | | | | |
| 16 | | | | | | | | |
| 17 | | | | | | | | |
| 18 | | | | | | | | |
| 19 | | | | | | | | |
| 20 | | | | | | | | |
| 21 | | | | | | | | |

# പ്രവർത്തന കലണ്ടർ

| ക്രമ നമ്പർ | പരിപാടിയുടെ പേര് | നിർവ്വഹണകാലം |
|---|---|---|
| 1 | കൂടാം കുട്ടിക്കൂട്ടം (ബാലസഭ) | എല്ലാ വെള്ളിയാഴ്ചകളിലും |
| 2 | പാട്ടരങ്ങ് | ജൂൺ – മാർച്ച് |
| 3 | സംയുക്ത ഡയറി | ജുലൈ – മാർച്ച് |
| 4 | കഥോത്സവം | ഒക്ടോബർ – മാർച്ച് |
| 5 | വായനോത്സവം | ജൂൺ – മാർച്ച് |
| 6 | പ്രതിദിന വായനാ പാഠങ്ങൾ | ജൂൺ – മാർച്ച് |
| 7 | മാനസികാരോഗ്യത്തിന് അണിചേരാം | ജൂൺ – മാർച്ച് |
| 8 | രചനോത്സവം | ജൂൺ – മാർച്ച് |
| 9 | Friendly English | ജൂൺ – ഫെബ്രുവരി |
| 10 | ഗണിതം മധുരം | ജൂൺ – മാർച്ച് |
| 11 | അറിയാം ചുറ്റുപാടിനെ | ജൂൺ – മാർച്ച് |

## പാട്ടരങ്ങ്

ഭാഷാ പഠനത്തിൽ താളത്തിന് വളരെയധികം പ്രാധാന്യമുണ്ട്. കുട്ടിയിൽ താളബോധം രൂപപ്പെടുന്നതിലൂടെ വായന, ലേഖനം എളുപ്പമാക്കുന്നു. പാട്ടുകൾ ഈണം കണ്ടെത്തി അവതരിപ്പിക്കാൻ താളബോധം സ്വായത്തമാക്കിയ കുട്ടിക്ക് എളുപ്പത്തിൽ കഴിയുന്നു. ഒപ്പം പാട്ടുകളിലെ സമാന വരികൾ കണ്ടെത്തി ഈണത്തിലും ഭാവത്തിലും ഒറ്റയ്ക്കും സംഘമായും അവതരിപ്പിക്കാനും ലേഖനത്തിലേക്ക് എത്തിച്ചേരാനും കുട്ടിക്ക് കഴിയേണ്ടതുണ്ട്.

### ലക്ഷ്യപ്രസ്താവനകൾ:

- താളം മനസ്സിലാക്കി പാഠഭാഗത്തിൽ ഉള്ളതും മറ്റു പാട്ടുകൾക്കും ഈണം നൽകി ഭാവാത്മകമായി അവതരിപ്പിക്കുന്നു.
- ഈണം, താളം, ഭാവം, ആശയം എന്നിവ പരിഗണിച്ച് പുതിയ വരികൾ കൂട്ടിച്ചേർക്കുന്നു.
- ഭിന്ന നിലവാരക്കാരെ പരിഗണിച്ച് പ്രവർത്തനം ആസൂത്രണം ചെയ്യുന്നു.
- ഭാഷാപ്രവർത്തനങ്ങൾ സർഗാത്മകവും സജീവവും ആകുന്നു.

### പ്രവർത്തന ഘട്ടങ്ങൾ:

- പാട്ടരങ്ങിന്റെ ലക്ഷ്യങ്ങൾ, പ്രവർത്തനക്രമം എന്നിവ എസ് ആർ ജിയിൽ അവതരിപ്പിക്കുന്നു.
- CPTA പദ്ധതി അവതരിപ്പിക്കുന്നു.
- ബാലസഭയിൽ പാട്ടുകൾ അടങ്ങിയ കുട്ടിക്കൂട്ടം സംഘടിപ്പിക്കൽ.
- ഓണാഘോഷത്തിൽ മേളം ഉപയോഗിച്ച് പാട്ടരങ്ങ് സംഘടിപ്പിക്കുന്നു. ഉദ്ഘാടനം ചെയ്യുന്നു.
- പാട്ടരങ്ങ് സമൂഹത്തിൽ ക്ലബ്ബുകളിലും വായനശാലകളിലും പൊതു ഇടങ്ങളിലും ഒന്നാം ക്ലാസിന്റെ പാട്ടരങ്ങ് സംഘടിപ്പിക്കൽ.
- പാട്ടിന്റെ സമാന വരികൾ കണ്ടെത്തി കുട്ടികൾ സ്വയം എഴുതുന്നു.
- പതിപ്പ് നിർമ്മാണം. അവർ തയ്യാറാക്കിയ പാട്ടുകൾ വച്ച് പതിപ്പ് നിർമ്മിക്കുന്നു. പ്രകാശനം ചെയ്യുന്നു.

### ചുമതല:

- ക്ലാസ് ടീച്ചർ, H M
- CPTA

### സാമ്പത്തികം:

- PTA
- Sponsorship

## സംയുക്ത ഡയറി

രക്ഷിതാവിന്റെ/അധ്യാപികയുടെ സഹായത്തോടെ ദൈനംദിന അനുഭവങ്ങളിലെ ആത്മാംശം ഉൾക്കൊണ്ട് എഴുതുന്നതിന് സംയുക്ത ഡയറിയിലൂടെ കുട്ടിക്ക് കഴിയുന്നു. കുട്ടിയെ സർഗാത്മകരചനയിലേക്ക് നയിക്കുന്നതിൽ സംയുക്ത ഡയറി വളരെ സ്വാധീനം ചെലുത്തുന്നു. കുട്ടികളെ ലളിതമായ വരയിലൂടെയും സ്വതന്ത്ര രചയിതാക്കൾ ആക്കുന്നതിന് സംയുക്ത ഡയറിയിലൂടെ സാധിക്കും.

## ലക്ഷ്യപ്രസ്താവനകൾ :

- സ്വന്തം അനുഭവങ്ങൾ പറയാനും എഴുതാനും കഴിയുന്നു.
- സ്വന്തം അനുഭവങ്ങൾ വരയിലൂടെയും എഴുത്തിലൂടെയും പ്രകടിപ്പിക്കുന്നു.
- സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നു.
- ഭാഷാശേഷി വികസിപ്പിക്കുന്നതിന് സാധിക്കുന്നു.

## പ്രവർത്തന ഘട്ടങ്ങൾ:

- CPTA യിൽ ഡയറി എഴുത്തിന്റെ ഘടന പരിചയപ്പെടുത്തുന്നു. എഴുത്തിന്റെ മികവ് രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു.
- ജൂലൈ മുതൽ ആരംഭിക്കുന്നു.
- ടീച്ചർ ഡയറി പരിശോധിച്ചു വിലയിരുത്തുന്നു.
- കൗതുകമുള്ള ഡയറിക്കുറിപ്പുകൾ ക്ലാസിലും CPTAയിലും പങ്കുവെക്കുന്നു.
- ഒന്നാണ് നമ്മൾ എന്ന പേരിൽ പുസ്തകരൂപത്തിലേക്ക് മാറ്റുന്നു.
- ഡോക്യുമെന്റേഷൻ നടത്തുന്നു.

## ചുമതല:

- ക്ലാസ് ടീച്ചർ, രക്ഷിതാക്കൾ, HM

## സാമ്പത്തികം:

- ക്ലാസ് ടീച്ചർ, SSK

## കഥോത്സവം/ വായനോത്സവം

രക്ഷിതാക്കളും അധ്യാപികയും കുട്ടികളും ചേർന്ന് നടത്തുന്ന ഒരു പ്രവർത്തനമാണിത്. കഥകൾ ഭാവാത്മകമായി അവതരിപ്പിച്ചുകൊണ്ട് കുട്ടികളുടെ മനസ്സിലേക്ക് വായനയുടെ തീപ്പൊരി ഇട്ടുകൊടുക്കേണ്ടതുണ്ട്. വായനയുടെ ലോകത്തേക്ക് കുട്ടികളെ കൈപിടിച്ചു കൊണ്ടുവരാനുള്ള പ്രവർത്തനമാണിത്. സർഗാത്മക ചിന്തകൾ ഉയർത്തിക്കൊണ്ടുവരാനും വാചികമായി കഥകൾ ആസ്വദിച്ചു പറയുന്നതിനും പുത്തൻ പദങ്ങൾ പരിചയപ്പെടുത്തുന്നതിനും അവസരം ലഭിക്കുന്നു.

## ലക്ഷ്യപ്രസ്താവനകൾ :

- കഥകൾ ഭാവാത്മകമായി അവതരിപ്പിക്കാൻ കഴിയുന്നു.
- ചെറുകഥകൾ വായിക്കാനുള്ള താല്പര്യം വളർത്തുന്നു.
- സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നു.
- അനുഭവാധിഷ്ഠിതമായ ഭാഷാ പഠനം സാധ്യമാക്കുന്നു.

## പ്രവർത്തന ഘട്ടങ്ങൾ :

- **'അമ്മ വായന'** അമ്മ വായനയ്ക്ക് അംഗീകാരം.
- ടീച്ചർ വായന
- 'കൂട്ടുവായന' മുതിർന്ന കുട്ടികളുടെ സഹായത്തോടെയുള്ള വായന.
- 'കുട്ടി വായന' തനിച്ചു വായന
- കഥാവേള, കേട്ട കഥകളുടെ അവതരണം, ബാലസഭയിൽ.

## ചുമതല:

- ക്ലാസ് ടീച്ചർ, CPTA

## സാമ്പത്തികം :

- CPTA, Sponsorship

## പ്രതിദിന  വായനാ പാഠങ്ങൾ

ഓരോ ദിവസവും പരിചയപ്പെടുന്ന അക്ഷരങ്ങളും ചിഹ്നങ്ങളും പുതിയ സന്ദർഭത്തിൽ തിരിച്ചറിയാനും വായിക്കാനും ഉള്ള വായനാ കാർഡുകളുടെ വായന വീട്ടിലും ക്ലാസിലും. പ്രതിദിന വായന പാഠം അമ്മ ബുക്കായി മാറ്റി കുട്ടികൾ വായിക്കുന്നു.  മുന്നറിവുകൾ ഓർത്തെടുക്കാൻ ഈ പ്രവർത്തനം സഹായകമാകുന്നു.

## ലക്ഷ്യപ്രസ്താവനകൾ :

- ഓരോ ദിവസവും പരിചയപ്പെടുന്ന അക്ഷരങ്ങളും ചിഹ്നങ്ങളും പുതിയ സന്ദർഭത്തിൽ പ്രയോഗിക്കുന്നു.
- പ്രതിദിന വായനാ പാഠങ്ങൾ താല്പര്യത്തോടെ കുട്ടികൾ വായിക്കുന്നു.
- ഭാഷാശേഷി വികസിപ്പിക്കുന്നതിന് സാധിക്കുന്നു.
- സ്വതന്ത്ര വായനയ്ക്ക് വഴിയൊരുക്കുന്നു.

## പ്രവർത്തന ഘട്ടങ്ങൾ :

- അധ്യാപിക പഠിച്ച അക്ഷരങ്ങളും ചിഹ്നങ്ങളും വച്ചുകൊണ്ട് പ്രതിദിന വായനാ പാഠങ്ങൾ നൽകുന്നു.
- നൽകുന്ന വായനാ പാഠങ്ങൾ അമ്മ പുസ്തകമാക്കി മാറ്റുന്നു.
- പ്രതിദിന വായനപാഠങ്ങൾ വായിക്കുന്നതിന്റെ വീഡിയോ ക്ലാസ് ഗ്രൂപ്പുകളിൽ പങ്കിടുന്നു.

## ചുമതല:

- ക്ലാസ് ടീച്ചർ, CPTA

## സാമ്പത്തികം:

- ക്ലാസ്സ് ടീച്ചർ

## സ്നേഹപൂർവ്വം കുട്ടികളോടൊപ്പം

- കുട്ടികൾക്ക് നിർഭയം ടീച്ചറോട് എന്തുംപറയാനുള്ള അവസര മൊരുക്കുക.
- രാവിലെ കുട്ടികൾ എത്തുന്നതിന് മുൻപ് ടീച്ചർ ക്ലാസ് റൂമിൽ എത്തുകയും നിറഞ്ഞ പുഞ്ചിരിയോടെ ആലിംഗനം ചെയ്ത് അവരെ സ്വീകരിക്കുകയും ചെയ്യുക.
- എല്ലാ ദിവസവും അവർക്ക് പറയാനുള്ള വിശേഷങ്ങൾ കേൾക്കാൻ തയ്യാറാകുക.
- അവരോടൊപ്പം കളിക്കാനായ് പത്ത് മിനിറ്റ് മാറ്റി വെക്കുക.
- പുഞ്ചിരിയോടുകൂടി മാത്രം കുട്ടികളോട് സംസാരിക്കുക.
- ചില ആശയങ്ങൾ പോസറ്റീവായി മാത്രം പറയുക.
- കള്ളം പറയരുതെന്ന് പറയുന്നതിന് പകരം സത്യം മാത്രമേ പറയാവൂ എന്ന് അവരെ ബോധ്യപ്പെടുത്തുക.

## രചനോത്സവം

- **ഒന്നാംഘട്ടം:** ചെറിയ ചിത്രങ്ങൾ നൽകി അടിക്കുറിപ്പ് പോലെ പഠിച്ച അക്ഷരങ്ങൾ ചേർത്ത് രചനോത്സവം തുടങ്ങുക.
- **രണ്ടാംഘട്ടം:** പ്രതിദിന വായന പാഠം കുട്ടികളുടെ ആശയങ്ങൾ ചേർത്ത് നിർമ്മാണം ചെറിയ വാക്കുകളും വാക്യങ്ങളും.
- **മൂന്നാം ഘട്ടം**: പുസ്തകത്തിലെ കഥാപാത്രങ്ങൾക്ക് സംഭാഷണ രൂപം നൽകൽ.
- **നാലാംഘട്ടം:** ചിത്രത്തിൽ നിന്ന് കഥകളും പാട്ടുകളും എഴുതൽ
- **അഞ്ചാം ഘട്ടം:** വിഷയം നൽകിയാൽ അതിനെപ്പറ്റി ചെറു കുറിപ്പ് തയ്യാറാക്കൽ ( വിവരണം )
- **ആറാംഘട്ടം**: പത്രവാർത്ത തയ്യാറാക്കൽ

## Smile English

ഇന്ന് ഏറ്റവുമധികം ആവശ്യമായി വരുന്ന ഭാഷയാണ് ഇംഗ്ലീഷ്. ലോകത്തിന്റെ ഏത് കോണിലായാലും ഇംഗ്ലീഷ് ഭാഷയുടെ സ്വാധീനമുണ്ട്. നമ്മുടെ പൊതുവിദ്യാലയങ്ങളിലെ കുട്ടിക്കും ഇംഗ്ലീഷ് നന്നായി എഴുതുവാനും വായിക്കുവാനും സംസാരിക്കുവാനും കഴിയണമെങ്കിൽ ഭാഷ ധാരാളം കേൾക്കാനും പറയാനും എഴുതുതാനുമുള്ള അവസരം ക്ലാസ് റൂമിൽ ഉണ്ടാവണം. അതിന് ഒന്നാം ക്ലാസ് തുടക്കം മുതൽ അധ്യാപികയും രക്ഷിതാക്കളും ചേർന്ന് ധാരാളം അവസരം സൃഷ്ടിക്കണം. അതിനുള്ള പ്രവർത്തനങ്ങളാണ് 2024-25 വർഷത്തിൽ സ്കൂളിൽ നടപ്പാക്കാനുദ്ദേശിക്കുന്നത്

### ലക്ഷ്യ പ്രസ്താവന

- ♣ ഇംഗ്ലീഷ്ഭാഷ കേൾക്കാനും കാണാനും പറയാനും അവസരമൊരുക്കുന്നു.
- ♣ ലളിതമായ സംഭാഷണങ്ങൾ ക്ലാസിൽ നിരന്തരം ഉപയോഗിക്കാനുള്ള അവസരം.
- ♣ ചെറിയ കഥകൾ കേൾക്കുകയും സ്വയം കഥകൾ എഴുതുകയും ചെയ്യുന്നു.
- ♣ കാർട്ടൂൺ, സിനിമ നിർമ്മാണം

### പ്രവർത്തന ഘട്ടങ്ങൾ

- ♣ ആഗസ്ത് മാസം മുതൽ രണ്ടോ മൂന്നോ വാക്യങ്ങളിലുള്ള കഥകൾ ദിവസേന കുട്ടികളോട് പറയുന്നു.
- ♣ തീമുമായി ബന്ധപ്പെട്ട കഥകളാവണം. ടീച്ചർ തന്നെ കഥകൾ എഴുതി ചിത്രം വരച്ച് ചാർട്ട് രൂപീകരിക്കേണ്ടതാണ്. പിന്നീടത് സ്വതന്ത്രവായനയിലേക്ക്.
- ♣ ഓരോ പാഠത്തിലേയും കഥാപാത്രങ്ങളെ ഉപയോഗിച്ച് കാർട്ടൂൺ കഥാപാത്രങ്ങളാക്കി മാറ്റി സംഭാഷണങ്ങൾ കുട്ടികളെ കൊണ്ട് പറയിപ്പിക്കുന്നു. ഈ വീഡിയോ ഓരോ ദിവസവും കാണാനും കേൾക്കാനുമുള്ള അവസരമൊരുക്കുന്നു.

### ചുമതല

- ♣ SRG, ക്ലാസ് ടീച്ചർ, സി.പി.ടി.എ

### സാമ്പത്തികം

- ♣ സ്പോൺസർഷിപ്പ്, സി.പി.ടി.എ, പൂർവ്വ വിദ്യാർത്ഥികൾ

## ഗണിതം മധുരം

കഥകളിലൂടെയും പാട്ടുകളിലുടെയും നിർമ്മാണ പ്രവർത്തനങ്ങളിലൂടെയും കുട്ടികൾക്കിടയിൽ ഗണിതം മധുരമാക്കാനുള്ള പ്രവർത്തനങ്ങളാണ് ചിട്ടപ്പെടുത്തുന്നത്.

## ലക്ഷ്യ പ്രസ്താവനകൾ

- ❖ കഥകളും പാട്ടുകളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി കുട്ടികൾക്കിടയിൽ ഗണിതം ലളിതമാക്കൽ.
- ❖ ഗണിത മാഗസിൻ തയ്യാറാക്കൽ.

## പ്രവർത്തന ഘട്ടങ്ങൾ

- ❖ ഗണിത പഠനം ICT യിലൂടെ.
- ❖ കളികളും പ്രവർത്തനങ്ങളും ICT സാധ്യതയിലൂടെ.
- ❖ ഗണിത മൂല ഒരുക്കൽ
- ❖ ഗണിത പ്രവർത്തനങ്ങൾക്കുള്ള ഉപകരണങ്ങൾ ശേഖരണം.
- ❖ ഗണിത കളികളിൽ ഏർപ്പെടൽ
- ❖ ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം
- ❖ ഗണിത ക്യാമ്പ്
- ❖ ഗണിത പാട്ടുകൾ ശേഖരിക്കജശ
- ❖ ഗണിത മാഗസിൻ ഓരോ കുട്ടിക്കും

## ചുമതല

- ❖ അധ്യാപിക, SRG, CPTA

## അറിയാം ചുറ്റുപാടിനെ (EVS)

പരിസരപഠനത്തിന് ഒന്നാംതരത്തിൽ തന്നെ ഏറെ പ്രാധാന്യം നൽകുന്നുണ്ട്. ചുറ്റുപാടുമുള്ള വസ്തുക്കളെ നിരീക്ഷിക്കുന്നതിനും കൊച്ചു പരീക്ഷണങ്ങളിൽ ഏർപ്പെടുന്നതിനുമുള്ള അവസരം പാഠഭാഗങ്ങളിൽ തന്നെ നൽകിയിട്ടുണ്ട്. ഇത്തരത്തിലുള്ള അവസരം എന്റെ കുട്ടികൾക്കും സമ്മാനിക്കേണ്ടതുണ്ട്. അതിനുവേണ്ട പ്രവർത്തനങ്ങളാണ് ഇതിൽ ചിട്ടപ്പെടുത്തിയിരിക്കുന്നത്.

**ലക്ഷ്യപ്രസ്താവന:**

- ♣ ചുറ്റുപാടുമുള്ള അതിശയിപ്പിക്കുന്ന വ്യത്യസ്തതരം കാഴ്ചകൾ നിരീക്ഷിക്കുന്നു.
- ♣ പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു.
- ♣ ഫീൽഡ് ട്രിപ്പ് നടത്തുന്നു.

**പ്രവർത്തന ഘട്ടങ്ങൾ:**

- ♣ ചുറ്റുപാടുമുള്ള ശബ്ദങ്ങൾ, കാഴ്ചകൾ, വസ്തുക്കൾ നിരീക്ഷിക്കുന്നു.
- ♣ കുട്ടി പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു. വീടുകളിൽ നിന്നും പരീക്ഷണം ചെയ്യാൻ അവസരം ഒരുക്കുന്നു.
- ♣ ഫീൽഡ് ട്രിപ്പ് നടത്തുന്നു.

**ചുമതല :**

- ♣ ക്ലാസ് ടീച്ചർ, C P T A, SRG

**സാമ്പത്തികം:**

- ♣ C P T A, S S K